പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം: **5107**

30.06.2014 ൽ മറുപടിയ്ക്ക്

**മണിയൻപിള്ളയുടെ കൊലപാതകം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജി. എസ്. ജയലാൽ | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | പാരിപ്പള്ളി പോലീസ് സ്റ്റേഷനിലെ ജീപ്പ് ഡ്രൈവർ ആയി ജോലി നോക്കിയിരുന്ന ശ്രീ. മണിയൻപിള്ളയുടെ കൊലപാതകം നടന്നത് എന്നാണ് ; നാളിതുവരെ പ്രതികളെ പിടികൂടുന്നതിലേക്ക് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) | 26.06.2012-ലാണ് ശ്രീ. മണിയൻപിള്ളയുടെ കൊലപാതകം നടന്നത്. പ്രസ്തുത സംഭവത്തിന്മേൽ പാരിപ്പള്ളി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 796/12 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരികയാണ്. ലഭിക്കുന്ന വിവരങ്ങൾ വെരിഫൈ ചെയ്തും, പ്രതിയായ ആട് ആന്റണിയുടെ ഫോട്ടോകൾ പത്ര ദൃശ്യ മാധ്യമങ്ങളിലൂടെയും, വെബ്സൈറ്റുകളിലൂടെയും പരസ്യപ്പെടുത്തിയും ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു. |
| (ബി) | പ്രതികളെ അറസ്റ്റ് ചെയ്യുവാൻ കഴിയാത്ത സാഹചര്യത്തിൽ നിലവിലുള്ള അന്വേഷണ സംഘത്തെ മാറ്റി അന്വേഷണ ചുമതല മറ്റാരെയെങ്കിലും ഏൽപ്പിക്കുവാൻ സന്നദ്ധമാകുമോ; | (ബി) | നിലവിലുള്ള അന്വേഷണ സംഘം പ്രതിയെ അറസ്റ്റു ചെയ്യുന്നതിനുള്ള ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നതിനാൽ അന്വേഷണ സംഘത്തെ മാറ്റേണ്ട ആവശ്യകത ഉള്ളതായി കാണുന്നില്ല. |

....2

| | | | |
|---|---|---|---|
| (സി) | പോലീസ് ഉദ്യോഗസ്ഥന്മാരെ കൊലപ്പെടുത്തിയ സമാന കേസ്സുകളിൽ പ്രതികളെ പിടികൂടുവാൻ കഴിയാത്ത എത്ര കേസ്സുകൾ സംസ്ഥാനത്ത് ഇപ്പോൾ നിലവിലുണ്ട്; ആയതിന്റെ വിശദാംശം അറിയിക്കുമോ ? | (സി) | പോലീസ് ഉദ്യോഗസ്ഥന്മാരെ കൊലപ്പെടുത്തിയ സംഭവങ്ങളിൽ പ്രതികളെ പിടികൂടുവാൻ കഴിയാത്ത രണ്ടു കേസുകൾ സംസ്ഥാനത്ത് ഇപ്പോൾ നിലവിലുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Districts | Police Station | Crime No. | Name of the Police Personnel killed | Name of the accused |
|---|---|---|---|---|
| Kollam City | Parippally | 796/12 | Shri. Maniyanpillai, Driver HC | Adu Antony |
| | Kollam West | 53/96 | Shri. Chandran PC 4253 | Jacob @ Puttu Kunjumon |

സെക്ഷൻ ഓഫീസർ